സ്ഥാപിതം
1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004


## എളമരം കരീമിന് 'മാധ്യമ'ത്തിന്റെ വക്കീൽ നോട്ടീസ്

കോഴിക്കോട്: 'മാധ്യമം' പത്രത്തിനെതിരെ അപകീർത്തികരമായ പരാമർശം നടത്തിയ മുതിർന്ന സി.പി.എം നേതാവും സി.ഐ.ടി.യു ദേശീയ ജനറൽ സെക്രട്ടറിയുമായ എളമരം കരീമിന് വക്കീൽ നോട്ടീസ്. സെപ്റ്റംബർ മൂന്നിന് കോഴിക്കോട് സംയുക്ത ട്രേഡ് യൂണിയൻ ആക്ഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ 'മാധ്യമം' ദിനപത്രത്തിനെതിരെ സംഘടിപ്പിച്ച പ്രതിഷേധ പരിപാടിയിൽ നടത്തിയ ഉദ്ഘാടന പ്രസംഗത്തിലും തുടർന്ന് മാധ്യമങ്ങളോട് നടത്തിയ പരാമർശങ്ങളിലുമാണ് അപകീർത്തികരമായ ആരോപണങ്ങൾ ഉന്നയിച്ചതെന്നാണ് മാനേജ്മെന്റിന് വേണ്ടി സി.ഇ.ഒ പി.എം സാലിഹ് അയച്ച നോട്ടീസിൽ വ്യക്തമാക്കുന്നത്. 'മാധ്യമം' മാനേജ്മെന്റ് ജീവനക്കാരിൽ ചിലരെ പ്രത്യേകമായി തെരഞ്ഞ് പിടിച്ച് പുറത്താക്കുകയാണെന്നും വിവേചനപരമായ സമീപനം സ്വീകരിക്കുകയാണെന്നും സംഘടനാപരമായ അജണ്ടയുടെ അടിസ്ഥാനത്തിലാണ് നടപടികളെന്നും അടക്കമുള്ള കരീമിന്റെ പ്രസ്താവനകൾ അപകീർത്തികരമാണെന്ന് നോട്ടീസിൽ പറയുന്നു.


സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com



www.swathanthramandapam.com | വാള്യം: 62 | ലക്കം: 160 | 2026 സെപ്തംബർ 16 ബുധൻ | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in


# റിപ്പോർട്ടർ ചാനൽ റെയ്ഡ്: വി.ഡി. സതീശൻ താടി വെക്കാത്ത മോദിയാണെന്ന് തെളിയിച്ചതായി എം.ബി. രാജേഷ്

കൊച്ചി: റിപ്പോർട്ടർ ചാനൽ ന്യൂസ് റൂമിൽ പോലീസ് കടന്നു ചെന്നത് അക്ഷരാർത്ഥത്തിൽ ജനാധിപത്യത്തെ ആകെ ഞെട്ടിക്കുന്നതാണെന്ന് സി.പി.എം സംസ്ഥാന കമ്മിറ്റിയംഗം എം.ബി. രാജേഷ്. വി.ഡി. സതീശൻ താടി വെക്കാത്ത മോദിയാണെന്ന് തെളിയിച്ചിരിക്കുകയാണ്. മാധ്യമങ്ങൾക്കെതിരായ ഇത്തരം നടപടികളിലൂടെ അടിയന്തരാവസ്ഥയുടെ പ്രേതമാണ് പ്രത്യക്ഷപ്പെടുന്നതെന്നും ഇന്ദിരാഗാന്ധിയുടെ അർദ്ധഫാഷിസ്റ്റ് വാഴ്ചയെയും മോദി സർക്കാരിന്റെ ശൈലിയെയുമാണ് ഇത് ഓർമ്മിപ്പിക്കുന്നതെന്നും അദ്ദേഹം ആരോപിച്ചു

'ജനാധിപത്യത്തിന് മുഴുവൻ എതിരെ ഭീഷണി സന്ദേശമാണ് വിഡി സതീശൻ സർക്കാർ ഇതിലൂടെ നൽകിയത്. അക്ഷരാർത്ഥത്തിൽ അടിയന്തരാവസ്ഥയുടെ പ്രേതമാണ് ഇപ്പോൾ കേരളത്തിൽ പ്രത്യക്ഷപ്പെടുന്നത്. പ്രസ് സെൻസർഷിപ്പിലൂടെ മാധ്യമങ്ങളുടെ നാവരിഞ്ഞ ഇന്ദിരാഗാന്ധിയുടെ അർദ്ധഫാഷിസ്റ്റ് വാഴ്ചയെ ഓർമ്മിപ്പിക്കുന്നു ഇപ്പോൾ നടക്കുന്ന ന്യൂസ് റൂമിലേക്ക് പൊലീസ് ഇരച്ചു കയറുന്ന സംഭവം. ഇന്നത്തെ ഇന്ത്യയിൽ എന്താണോ മോദി രാജ്യമാകെ ചെയ്തുകൊണ്ടിരിക്കുന്നത് അതാണ് ഇപ്പോൾ കേരളത്തിൽ വിഡി സതീശനും ചെയ്തുകൊണ്ടിരിക്കുന്നത്.

മോദി സർക്കാരിന്റെ അന്വേഷണ ഏജൻസികൾ കാണിക്കുന്നതാണ് മുമ്പ് നമ്മൾ കണ്ടത്. ന്യൂസ് ക്ലിക്ക് പത്രാധിപർ പ്രബീർ പുർകായസ്ഥയെ 36 മണിക്കൂർ തടഞ്ഞുവെച്ച് ന്യൂസ് ക്ലിക്കിന്റെ ഓഫീസ് സീൽ ചെയ്ത അനുഭവം നമ്മുടെ മുമ്പിലുണ്ട്. അങ്ങനെ പല ന്യൂസ് റൂമുകളിലും മോദിയുടെ അന്വേഷണ ഏജൻസികൾ പോയി മുട്ടിയതുപോലെ ഇവിടെ ഒരു ടെലിവിഷൻ ചാനലിന്റെ ന്യൂസ് റൂമിലേക്ക് പൊലീസ് ഇരച്ചു കയറിയിരിക്കുകയാണ്. ഇത് ആ മാധ്യമ സ്ഥാപനത്തിന് എതിരായ ഒരു നടപടി മാത്രമായിട്ട് ആരെങ്കിലും ചുരുക്കി കാണുന്നുണ്ടെങ്കിൽ അവർക്ക് തെറ്റുപറ്റി.



ഇത് ജനാധിപത്യത്തിനെതിരായ ഒരു ആക്രമണമാണ്. മര്യാദയ്ക്ക് ഇരുന്നില്ലെങ്കിൽ, ഞങ്ങളെ വിമർശിച്ചാൽ എന്തായിരിക്കും അനുഭവം എന്ന സന്ദേശം നൽകാനാണ് സർക്കാർ ശ്രമിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് ഏഷ്യാനെറ്റിന്റെയും മീഡിയ വണ്ണിന്റെയും സംപ്രേഷണം വിലക്കിയപ്പോൾ ഞങ്ങൾ അന്ന് അവരുടെ കൂടെയാണ് നിന്നത്. അവരുടെ കൂടെ എന്നതിനേക്കാൾ മാധ്യമ സ്വാതന്ത്ര്യത്തിന്റെ കൂടെയാണ് ഇടതുപക്ഷം നിന്നത്. അതാണ് ഇടതുപക്ഷത്തിന്റെ രീതി. തങ്ങളെ കടന്നാക്രമിക്കുന്ന മാധ്യമങ്ങളാണെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് ആ നിലപാട് സ്വീകരിച്ചത്. അതിന്റെ പേരിൽ അതിനുശേഷവും അവർ ഞങ്ങളോട് ഇളവൊന്നും കാണിച്ചിട്ടില്ല. മുമ്പും ആക്രമിച്ചിട്ടുണ്ട്, ഇപ്പോഴും ആക്രമിച്ചിട്ടുണ്ട്, നാളെയും ആക്രമിക്കും എന്ന് അറിഞ്ഞുകൊണ്ട് തന്നെയാണത്. പക്ഷേ മാധ്യമ സ്വാതന്ത്ര്യത്തിന്റെ കൂടെയാണ് ഇടതുപക്ഷം നിന്നിട്ടുള്ളത്.

ജനാധിപത്യവാദികളാകെ ഈ റെയ്ഡിനെതിരെ അണിനിരക്കണം. മാധ്യമ സാഹോദര്യം കാണിക്കേണ്ട സന്ദർഭമാണിത്. കാരണം ഇന്ന് ഒരു ചാനലിന്റെ ന്യൂസ് റൂമിലാണ് എത്തിയത് എങ്കിൽ അത് മറ്റേതൊരു ചാനലിന്റെയും ന്യൂസ് റൂമിൽ എത്താനുള്ള ലൈസൻസ് ആണ് എന്ന് തിരിച്ചറിയാൻ മറ്റു മാധ്യമങ്ങൾ തയ്യാറാകും എന്ന് പ്രതീക്ഷിക്കുകയാണ്. കഴിഞ്ഞ 10 വർഷത്തെ എൽഡിഎഫ് ഭരണത്തിനിടയിൽ ഒരു ന്യൂസ് റൂമിലും പൊലീസ് കയറി നിന്നിട്ടില്ല എന്നതാണ് യുഡിഎഫും ഇടതുപക്ഷവും തമ്മിലുള്ള വ്യത്യാസം. വിഡി സതീശൻ താടിവെക്കാത്ത മോഡിയാണ് എന്ന് അദ്ദേഹം തെളിയിച്ചിരിക്കുകയാണ്. മോദിയുടെ തനി പകർപ്പായാണ് മാധ്യമ സ്വാതന്ത്ര്യത്തിനെതിരായ ഈ ആക്രമണമെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യയിലാകെ ഇഡി ഉൾപ്പെടെയുള്ള അന്വേഷണ ഏജൻസികൾ രാഷ്ട്രീയ എതിരാളികളെയും പ്രതിപക്ഷത്തെയും വേട്ടയാടാനുള്ള ഉപകരണമായി പ്രവർത്തിക്കുകയാണെന്നും എം.ബി. രാജേഷ് പറഞ്ഞു. അരവിന്ദ് കേജ്രിവാളിന്റെ വീട്ടിൽ റൈഡ് നടത്തിയിട്ടുണ്ട്. അദ്ദേഹത്തെ പിടിച്ച് ജയിലിൽ ഇട്ടിട്ടുണ്ട്. നൂറുകണക്കിന് പ്രതിപക്ഷ പാർട്ടി നേതാക്കളെ വേട്ടയാടിയിട്ടുണ്ട്. ഇവിടെ എത്രയൊക്കെ ശ്രമിച്ചിട്ടും ഒരു കേസ് എടുക്കാൻ പോലുമുള്ള വകുപ്പ് ഇതുവരെ കണ്ടുപിടിക്കാൻ പറ്റിയിട്ടില്ല. പക്ഷേ, തലക്കെട്ടുകൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിൽ കേസ് ഒന്നും നിലനിൽക്കില്ല എന്നത് ഇഡിക്കറിയാം. ഇഡിയുടെ താല്പര്യം കേസല്ല തലക്കെട്ട് ഉണ്ടാക്കുന്നതിലാണ്.

പാർട്ടി വിപുലീകൃത സംസ്ഥാന കമ്മിറ്റി യോഗം ഏതെങ്കിലും വ്യക്തിഗത മാറ്റങ്ങൾക്ക് വേണ്ടി മാത്രമുള്ളതല്ല. പാർട്ടിയെ ശക്തിപ്പെടുത്താനും ജനകീയത്തറ വിപുലീകരിക്കാനും വേണ്ടിയുള്ളതാണെന്നും അദ്ദേഹം വ്യക്തമാക്കി.

## വൈദ്യുത പ്രതിസന്ധി താൽക്കാലികം

# ഒക്ടോ. ഒന്നുമുതൽ പരിഹാരം: മുഖ്യമന്ത്രി

തിരു : കേരളത്തിലെ വൈദ്യുത പ്രതിസന്ധി താൽക്കാലികമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ. വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ എട്ട് സംസ്ഥാനങ്ങളുമായി കേരളസർക്കാർ ബന്ധപ്പെട്ടിട്ടുണ്ട്. ലഭ്യമായ സ്ഥലങ്ങളിൽ നിന്നെല്ലാം വൈദ്യുതി വാങ്ങുന്നുണ്ട്. പ്രതിസന്ധി പരിഹരിക്കാൻ ഹ്രസ്വകാലത്തേക്കും ദീർഘകാലത്തേക്കുമുള്ള പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്യുന്നുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി.



ഉപഭോഗം കൂടിയതും ഉത്പാദനം കുറഞ്ഞതും കേരളത്തിന് തിരിച്ചടിയായി. സ്റ്റോറേജ് സംവിധാനമില്ലാത്തതും പ്രശ്നമാണ്. 2500 മെഗാവാട്ടിലേറെ സോളാർ ഊർജം ഉത്പാദിപ്പിക്കുന്നുണ്ട്. പക്ഷെ അത് സംഭരിക്കാനുള്ള ബാറ്ററി സംവിധാനങ്ങൾ നമുക്കില്ല. സോളാർ ഊർജം സംഭരിക്കുന്നതുൾപ്പെടെയുള്ള സംവിധാനങ്ങൾ ലഭ്യമാക്കും.

കഴിഞ്ഞ സെപ്തംബറിനേക്കാൾ 925 മെഗാവാട്ടിന്റെ ഉപഭോഗമാണ് ഈ സെപ്തംബറിൽ പലകാരണങ്ങൾ കൊണ്ട് കൂടിയത്. അതിനനുസരിച്ച് ആസൂത്രണം ഉണ്ടായിട്ടില്ല. ദീർഘകാല കരാറുകളുണ്ടാക്കാനുള്ള ശ്രമത്തിലാണ് സർക്കാരുള്ളത്. ന്യൂക്ലിയർ പവർ കോർപ്പറേഷനിലുൾപ്പെടെ പോയി ചർച്ച നടത്തുന്നുണ്ട്. 6000 മെഗാവാട്ടാണ് നമുക്കിപ്പോൾ വേണ്ടത്. നാല് വർഷം കഴിയുമ്പോൾ ഇത് 10,000 മെഗാവാട്ടാകും. അത് മുൻകൂട്ടി കണ്ടിട്ടുള്ള നടപടികളിലേക്കാണ് സർക്കാർ നീങ്ങുന്നത്. കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങുന്നുവെന്നതെല്ലാം തെറ്റായ പ്രചാരണമാണ്.

പവർ കട്ട് കുറച്ചുകൊണ്ടുവരുന്നുണ്ട്. ഒരാഴ്ച കൂടിയേ നിലവിലെ പ്രശ്നങ്ങളുണ്ടാവുകയുള്ളൂവെന്നാണ് കരുതുന്നത്. പ്രതിസന്ധി എല്ലായിടത്തുമുണ്ട്. ബിജെപി ഭരിക്കുന്നിടത്തും എല്ലാം സംസ്ഥാനങ്ങളിലും പ്രതിസന്ധിയുണ്ട്. ഒക്ടോബർ ഒന്നുമുതൽ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

## ചിൽഡ്രൻസ് ഹോമിൽനിന്ന് 4 പെൺകുട്ടികളെ കാണാതായി

കണ്ണൂർ: തലശ്ശേരി സർക്കാർ ഗേൾസ് ചിൽഡ്രൻസ് ഹോമിൽനിന്ന് നാല് പെൺകുട്ടികളെ കാണാതായി. ഇന്നലെ അർധരാത്രി 12 മണിക്കും ഒരു മണിക്കും ഇടയിലാണ് പെൺകുട്ടികൾ ചിൽഡ്രൻസ് ഹോമിൽനിന്ന് പുറത്തുകടന്നതെന്നാണ് വിവരം.

ദിയ മുകുന്ദൻ, റിത്തിന, ഭാവന, എൻ.കെ. വിസ്മയ എന്നിവരെയാണ് കാണാതായത്. നാലുപേരും ഒരുമിച്ചാണ് പുറത്തുകടന്നത്. പെൺകുട്ടികൾ പുറത്തുകടക്കുന്ന സി.സി.ടി.വി ദൃശ്യങ്ങൾ പൊലീസ് പരിശോധിച്ചുവരികയാണ്. നേരത്തെയും സമാനമായി ചിൽഡ്രൻസ് ഹോമിൽ നിന്ന് പുറത്തുപോയി പിന്നീട് കണ്ടെത്തിയ ഒരു പെൺകുട്ടിക്കൊപ്പമാണ് മറ്റ് മൂന്ന് പേരും പോയതെന്നാണ് പൊലീസിന്റെ പ്രാഥമിക നിഗമനം.

ചിൽഡ്രൻസ് ഹോമിന് സമീപത്തും പെൺകുട്ടികൾ പോയിരിക്കാമെന്ന് കരുതുന്ന സ്ഥലങ്ങളിലും അന്വേഷണം നടത്തുന്നുണ്ട്.

# വീടോ അതോ ബാറോ? ആന്റോയുടെ വീട്ടിൽ വൻ മദ്യശേഖരം, പിടിച്ചത് 43 ലിറ്റർ വിദേശ മദ്യം

കൽപ്പറ്റ: റിപ്പോർട്ടർ ടിവി ഉടമ ആന്റോ അഗസ്റ്റിന്റെ വയനാട്ടിലെ കുടുംബവീട്ടിൽ പോലീസിന് പിന്നാലെ എക്സൈസ് സംഘവും പരിശോധന നടത്തുന്നു. പരിശോധനയിൽ വീട്ടിൽ നിന്ന് 43 ലിറ്റർ വിദേശ മദ്യമാണ് എക്സൈസ് പിടിച്ചെടുത്തത്. ഇതിനൊപ്പം വീടിനുള്ളിൽ ഏഴ് ലിറ്റർ വൈനും എക്സൈസ് പിടിച്ചെടുത്തിട്ടുണ്ട്.

പ്രത്യേക അന്വേഷണ സംഘത്തിന്റെ ആവശ്യപ്രകാരമാണ് എക്സൈസ് സംഘം ഇവിടെ എത്തിച്ചേർന്നത്. സ്പോൺസർഷിപ്പ് തട്ടിപ്പ് കേസിൽ ഈ വീട്ടിൽ എസ്.ഐ.ടി രാവിലെ റെയ്ഡ് നടത്തിയിരുന്നു. ഇതിന് ശേഷമാണ് എക്സൈസിനോട് പരിശോധന നടത്താൻ ആവശ്യപ്പെട്ടത്.



കൽപറ്റ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഷറഫുദ്ദീന്റെ നേതൃത്വത്തിലുള്ള എക്സൈസ് സംഘമാണ് സ്ഥലത്തെത്തിയത്. ഇവർ പോലീസ് ഉദ്യോഗസ്ഥർക്കൊപ്പം വീടിനുള്ളിലേക്ക് കയറി പരിശോധന നടത്തുകയാണ്.

ഫുട്ബോൾ സ്പോൺസർ തട്ടിപ്പുകേസിൽ ആന്റോ അഗസ്റ്റിനെ ഒന്നാം പ്രതിയാക്കിയാണ് പോലീസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുള്ളത്. അർജന്റീന ടീമിനെ കേരളത്തിൽ എത്തിക്കുമെന്ന് അവകാശപ്പെട്ട് സർക്കാരിനെ വഞ്ചിക്കുകയും ചതിക്കുകയും ചെയ്തുവെന്നാണ് കളമശ്ശേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത എഫ്ഐആറിൽ പറയുന്നത്

# തോറ്റതിന്റെ ഉത്തരവാദിത്വം പാവം ഗോവിന്ദന്റെ തലയിലിട്ട് പി.ബി മുങ്ങി; പരിഹസിച്ച് മുഖ്യമന്ത്രി

തിരു: തിരഞ്ഞെടുപ്പിൽ തോറ്റതിന്റെ ഉത്തരവാദിത്വം പാവം ഗോവിന്ദന്റെ തലയിലും വോട്ട് ചെയ്ത ജനങ്ങളുടെ തലയിലും വെച്ച് പി.ബി മുങ്ങിയിരിക്കുകയാണെന്ന് മുഖ്യമന്ത്രി വി.ഡി സതീശന്റെ പരിഹാസം.

പരാജയപ്പെട്ടതിന്റെ കാരണം എന്താണെന്ന് ഇതുവരെ അവർ തിരിച്ചറിഞ്ഞിട്ടില്ല. തോൽവിക്ക് കാരണക്കാരായവർ രസകരമായി രക്ഷപ്പെട്ടു നിൽക്കുന്ന വിചിത്രമായ കാഴ്ചയാണ് കാണുന്നത്. അത് വളരെ നല്ലതാണ്. ഞങ്ങൾക്കതിൽ യാതൊരു വിഷമവുമില്ലെന്ന് അദ്ദേഹം പരിഹസിച്ചു.

റിപ്പോർട്ടർ ചാനലിലെ പോലീസ് പരിശോധന നിയമപരമാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. വാർത്താപ്രക്ഷേപണം തടസ്സപ്പെടുത്തിയതായി അറിയില്ല. താനും ആ വാർത്ത അറിഞ്ഞത് ആ ചാനലിലൂടെയാണ്. കായികവകുപ്പ് ഒരു പരാതി ആഭ്യന്തരവകുപ്പിന് നൽകിയിരുന്നു.

അതുപ്രകാരം രൂപീകരിച്ച എസ്.ഐ.ടിയുടെ നിയമപരമായ റെയ്ഡ് ആണ് റിപ്പോർട്ടർ ടിവിയിൽ ഉണ്ടായത്. ഫോണുകൾ പിടിച്ചെടുത്തത് പോലീസിന്റെ അന്വേഷണവിധേയമായ കാര്യമാണെന്നാണ് അദ്ദേഹം വിശദീകരിച്ചത്.

## റിപ്പോർട്ടർ ചാനലിലെ ജേണലിസ്റ്റുകളുടെ ഫോൺ പിടിച്ചെടുത്തിട്ടില്ലെന്ന് എ.ഡി.ജി.പി പി. വിജയൻ

കൊച്ചി: മെസ്സിയുടെ പേരിൽ നടന്ന തട്ടിപ്പിൽ നിയമലംഘനം കണ്ടെത്തിയതിനെ തുടർന്ന് കളമശ്ശേരി പൊലീസ് രജിസ്റ്റർ ചെയ്ത കേസിൽ ആന്റോ അഗസ്റ്റിനെ ഒന്നും റിപ്പോർട്ടർ ചാനലിനെ രണ്ടും പ്രതിയാക്കിയതായി എഡിജിപി പി. വിജയൻ. മജിസ്ട്രേറ്റിൽനിന്ന് സർച്ച് വാറന്റ് വാങ്ങിയാണ് റിപ്പോർട്ടർ ചാനലിൽ പരിശോധന നടത്തിയതെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

ഒരു മിനിറ്റ് പോലും ന്യൂസ് ഒന്നും തടസ്സപ്പെടുത്തിയിട്ടില്ല. എവിടെയെങ്കിലും ഒരു പരിശോധനക്ക് വന്നു കഴിഞ്ഞാൽ പൊലീസ് അവിടെയുള്ള മൊബൈൽ ഫോൺ വാങ്ങിവെക്കും. ഞങ്ങൾ ഒരു മൊബൈൽ ഫോണും പിടിച്ചെടുത്തിട്ടില്ല. നിങ്ങൾ അതിന്റെ രേഖ എടുത്തു നോക്കിയാൽ മനസ്സിലാകും. ഓഫിസിൽ ഡിജിറ്റലൈസ് ചെയ്തിരിക്കുന്ന ലോക്കർ ഒക്കെ ഉണ്ട്. അവർ കൂടി ഒപ്പുവെച്ച ഞങ്ങളുടെ സെർച്ച് രജിസ്റ്ററിൽ ഏതെങ്കിലും ജേർണലിസ്റ്റിന്റെ മൊബൈൽ ഫോൺ പിടിച്ചെടുത്തിട്ടുണ്ടോ എന്ന് നിങ്ങൾ നോക്കൂ. ഞങ്ങളും ഇതെല്ലാം വീഡിയോഗ്രാഫ് ചെയ്തിട്ടുണ്ട്.

അർജന്റീന ഫുട്ബാൾ ടീമിന്റെ കേരള സന്ദർശനവുമായി ബന്ധപ്പെട്ട വിഷയത്തിൽ സ്പോർട്സ് വകുപ്പിൽ നിന്ന് ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പൊലീസ് പ്രാഥമിക അന്വേഷണം ആരംഭിച്ചത്. ഒറിജിനൽ റിപ്പോർട്ടുകളും ആവശ്യമായ മറ്റ് രേഖകളും ശേഖരിക്കുകയും ചിലരുടെ മൊഴിയെടുക്കുകയും ചെയ്തു.

# വ്യാജ മരുന്ന്: കൃപ ഹെൽത്ത് കെയർ ഉടമ അറസ്റ്റിൽ

മംഗളൂരു: കർണാടകയിലെ പ്രധാന അന്തർസംസ്ഥാന വ്യാജ മരുന്ന് റാക്കറ്റിനെക്കുറിച്ചുള്ള അന്വേഷണത്തിൽ ആരോഗ്യ സ്ഥാപന ഉടമയെ അറസ്റ്റ് ചെയ്തതായി ആരോഗ്യമന്ത്രി യു.ടി.ഖാദർ പറഞ്ഞു. ബംഗളൂരു കൃപ ഹെൽത്ത് കെയർ ഉടമ വീരേശ് കുമാർ ജയിനാണ് അറസ്റ്റിലായത്.

തീവ്രപരിചരണ വിഭാഗങ്ങളിൽ (ഐസിയു) ഉപയോഗിക്കുന്ന വ്യാജ കാൻസർ മരുന്നുകൾ, ജീവൻ രക്ഷാ മരുന്നുകൾ, കുത്തിവെപ്പുകൾ എന്നിവ ആശുപത്രികൾ, ക്ലിനിക്കുകൾ, മെഡിക്കൽ സ്റ്റോറുകൾ എന്നിവക്ക് വിതരണം ചെയ്തിട്ടുണ്ടെന്നാണ് കണ്ടെത്തൽ. ബംഗളൂരുവിലെ 90 ലധികം ആശുപത്രികളിലും ക്ലിനിക്കുകളിലും മരുന്നുകൾ വിതരണം ചെയ്തിരിക്കാമെന്നാണ് പ്രാഥമിക റിപ്പോർട്ട്.

വ്യാജ മരുന്നുകൾ ലഭിച്ച എല്ലാ സ്ഥാപനങ്ങളെയും തിരിച്ചറിയുന്നതിനായി പ്രത്യേക അന്വേഷണ സംഘം പിടിച്ചെടുത്ത ബാച്ച് നമ്പറുകളും രേഖകളും പരിശോധിച്ചുവരികയാണ്. ഈ വ്യാജ മരുന്ന് റാക്കറ്റിനെ തകർത്തത് കർണാടക സർക്കാരാണെന്നും രാജ്യം കണ്ട ഇത്തരത്തിലുള്ള ഏറ്റവും വലിയ നടപടികളിൽ ഒന്നാണിതെന്നും മന്ത്രി പറഞ്ഞു.

കഴിഞ്ഞ മാസം 18ന് സംസ്ഥാന ആരോഗ്യ-കുടുംബക്ഷേമ വകുപ്പും കർണാടക ഭക്ഷ്യ സുരക്ഷാ-മരുന്ന് അഡ്മിനിസ്ട്രേഷനും ബിഡദി ടോൾ ഗേറ്റിന് സമീപമുള്ള ഫാംഹൗസിൽ റെയ്ഡ് നടത്തി അഞ്ചു കോടി രൂപ വിലമതിക്കുന്ന വ്യാജവും കാലഹരണപ്പെട്ടതുമായ മരുന്നുകൾ പിടിച്ചെടുത്തിരുന്നു.



സംസ്ഥാനാന്തരതലത്തിൽ പ്രവർത്തിക്കുന്ന ആശങ്കാജനകമായ വ്യാജമരുന്ന് ശൃംഖലയെ പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഈ ശൃംഖല തെലങ്കാനയിലെയും ഹിമാചൽ പ്രദേശിലെയും ഉൽപാദന കേന്ദ്രങ്ങളിൽ നിന്ന് വിലകുറഞ്ഞ ബൾക്ക് മരുന്നുകൾ സംഭരിക്കുകയും ബിഡദിയിൽ നിന്ന് പുതിയ കുപ്പികളിലേക്ക് നിറക്കുകയുമാണ് ചെയ്യുന്നത്. വ്യാജ മരുന്നുകൾ മുൻനിര ബഹുരാഷ്ട്ര കമ്പനികളുടെ പ്രീമിയം ബ്രാൻഡുകളായി പുനർനാമകരണം ചെയ്താണ് വിപണനം നടത്തുന്നത്.

'ഞങ്ങൾ ഒരു ദിവസം പോലും കാത്തിരുന്നില്ല. ആഗസ്റ്റ് 19 ന്, മുഖ്യമന്ത്രി ഡി കെ ശിവകുമാറുമായും ആഭ്യന്തരമന്ത്രി പ്രിയങ്ക് ഖാർഗെയുമായും നടത്തിയ ചർച്ചക്ക് ശേഷം പ്രധാന അന്തർ സംസ്ഥാന അന്വേഷണത്തിന് നേതൃത്വം നൽകുന്നതിനായി മുതിർന്ന ഐപിഎസ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ആറ് അംഗ എസ്ഐടി രൂപീകരിച്ചു, ഭക്ഷ്യസുരക്ഷ- മരുന്ന്, വാണിജ്യ നികുതി വകുപ്പുകളിലെ ഉദ്യോഗസ്ഥർ ടീമിൽ ഉണ്ടായിരുന്നു' -ഖാദർ പറഞ്ഞു.

വ്യാജ മരുന്നുകളുടെ പൂർണ്ണ പട്ടിക കേന്ദ്ര സർക്കാരിനെയും എല്ലാ സംസ്ഥാനങ്ങളെയും അറിയിച്ചിട്ടുണ്ടെന്ന് അദ്ദേഹം അറിയിച്ചു. പിടിച്ചെടുത്ത ബ്രാൻഡ് മരുന്നുകൾ ഉപയോഗിക്കരുതെന്ന് കർണാടകയിലെ എല്ലാ ആശുപത്രികൾക്കും നഴ്സിങ് ഹോമുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവരുടെ വിതരണ ശൃംഖല മാപ്പ് ചെയ്യുന്നതിനും രാജ്യവ്യാപകമായ വിതരണം നിർത്തുന്നതിനും സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷന്റെയും (സിഡിഎസ്‌സിഒ) കേന്ദ്ര ഏജൻസികളുടെയും പിന്തുണ തേടി കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നദ്ദക്ക് വിശദമായി കത്തെഴുതിയതായും ഖാദർ വ്യക്തമാക്കി.

ബംഗളൂരുവിലെ ആശുപത്രികളിലേക്കും ക്ലിനിക്കുകളിലേക്കും വ്യാജ മരുന്നുകളുടെ വിതരണത്തെക്കുറിച്ച് എസ്ഐടി അന്വേഷിച്ചുവരികയാണ്. അന്വേഷണം പൂർത്തിയായിക്കഴിഞ്ഞാൽ മുഴുവൻ കണ്ടെത്തലുകളും പൊതുജനങ്ങൾക്ക് മുന്നിൽ വെക്കും. അവരുടെ ശൃംഖലയിലെ ഓരോ കണ്ണിയും ഞങ്ങൾ കണ്ടെത്തും. ഉത്തരവാദികളായ ഓരോ വ്യക്തിക്കും നിയമപ്രകാരം ഏറ്റവും കഠിനമായ ശിക്ഷ ഉറപ്പാക്കുകയും ചെയ്യും - മന്ത്രി കൂട്ടിച്ചേർത്തു.

## യു.പി.ഐ ഇടപാടുകൾക്ക് ഫീസ്: 'മോദി കീഴടങ്ങിയത് ട്രംപിന്റെ അമേരിക്കൻ സമ്മർദ്ദത്തിന്"; വിമർശനവുമായി കോൺഗ്രസ്

ന്യൂഡൽഹി: യു.പി.ഐ ഇടപാടുകൾക്ക് ഫീസ് ഏർപ്പെടുത്താനും സീറോ എം.ഡി. ആർ നിർത്തലാക്കാനുമുള്ള കേന്ദ്ര സർക്കാർ തീരുമാനം യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെയും അമേരിക്കൻ കമ്പനികളുടെയും സമ്മർദ്ദത്തിന് വഴങ്ങിയാണെന്ന് ആരോപിച്ച് കോൺഗ്രസ്. പ്രമുഖ അമേരിക്കൻ ഡിജിറ്റൽ പേയ്മെന്റ് കമ്പനികളായ 'വിസ'യ്ക്കും മാസ്റ്റർകാർഡിനും യു.പി.ഐ വെല്ലുവിളിയായതോടെയാണ് ഈ ഒത്തുകളിയെന്നും, പ്രധാനമന്ത്രി നരേന്ദ്ര മോദി 'നോട്ട്'യെ 'നരേന്ദ്രാസ് ഓൺഗോയിങ് ട്രംപ് അപ്പീസ്മെന്റ്" (എൻ.ഓ.ടി.എ) എന്ന് പുനർനിർവചിച്ചിരിക്കുകയാണെന്നും കോൺഗ്രസ് ജനറൽ സെക്രട്ടറി ജയറാം രമേശ് പരിഹസിച്ചു.



2,000 രൂപക്ക് മുകളിലുള്ള വ്യാപാരി ഇടപാടുകൾക്ക് ഒക്ടോബർ 15 മുതൽ 0.4 ശതമാനം ഫീസ് ഏർപ്പെടുത്താനുള്ള കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ വിജ്ഞാപനം പുറത്തുവന്നതിന് പിന്നാലെയാണ് കോൺഗ്രസ് രൂക്ഷമായ വിമർശനവുമായി രംഗത്തെത്തിയത്. യു.പി.ഐ സൗജന്യമായതിലൂടെ അമേരിക്കൻ കമ്പനികൾക്ക് വലിയ വിപണി നഷ്ടം നേരിടുന്നുവെന്ന് യു.എസ് ട്രേഡ് റെപ്രസെന്റേറ്റീവ് നേരത്തെ തുറന്നടിച്ചിരുന്നു. ഡെബിറ്റ് കാർഡ് എം.ഡി.ആർ നിരക്കായ 0.4 ശതമാനം തന്നെ യു. പി. ഐക്കും നിശ്ചയിച്ചത് അമേരിക്കൻ കമ്പനികൾക്ക് ഇന്ത്യൻ വിപണിയിൽ തുല്യ മത്സരം ഉറപ്പാക്കാനാണോ എന്ന് ജയറാം രമേശ് ചോദിച്ചു. യു.എസ് ജനപ്രതിനിധി സഭ ഇന്ത്യയ്ക്കെതിരെ 100% താരിഫ് ചുമത്താനുള്ള ബിൽ പാസാക്കാൻ ഒരുങ്ങുകയും, എച്ച്-1ബി വിസ ഫീസ് കുത്തനെ കൂട്ടി ഇന്ത്യൻ ഐ.ടി ജീവനക്കാരെ നാടുകടത്താൻ ട്രംപ് ഭരണകൂടം ശ്രമിക്കുകയും ചെയ്യുമ്പോൾ മോദി സർക്കാർ അമേരിക്കൻ താല്പര്യങ്ങൾക്ക് മുന്നിൽ അടിയറവ് പറയുകയാണെന്ന് അദ്ദേഹം 'എക്സിൽ' കുറിച്ചു.

അതേസമയം, അമേരിക്കൻ സമ്മർദ്ദത്തിന് മുന്നിൽ പ്രധാനമന്ത്രി സമ്പൂർണമായി കീഴടങ്ങിയെന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയുടെ ആരോപണത്തിനെതിരെ ബി.ജെ.പി രംഗത്തെത്തി. പ്രതിപക്ഷം വ്യാജവാർത്തകൾ പ്രചരിപ്പിക്കുകയാണെന്നും, വ്യക്തികൾ തമ്മിലുള്ള ഇടപാടുകൾക്കും ചെറുകിട കച്ചവട ഇടപാടുകൾക്കും സാധാരണ ഉപഭോക്താക്കൾക്കും യു.പി.ഐ തുടർന്നും പൂർണമായും സൗജന്യമായിരിക്കുമെന്നും ധനമന്ത്രാലയം വ്യക്തമാക്കി. വലിയ വ്യാപാരികൾക്കുള്ള ഇക്കോസിസ്റ്റം ചാർജ് മാത്രമാണ് ഇതെന്നും സാധാരണക്കാർക്ക് പ്രതിമാസ പരിധികളില്ലാതെ അൺലിമിറ്റഡ് സൗജന്യ സേവനം തുടരുമെന്നും സർക്കാർ വിശദീകരിച്ചു.

## എംഡിഎംഎയുമായി പുതുശ്ശേരി സ്വദേശി അറസ്റ്റിൽ

കുന്നംകുളം: എം.ഡി.എം.എ ഉൾപ്പടെയുള്ള ലഹരി വസ്തുക്കളുമായി കാറിൽ സഞ്ചരിച്ചിരുന്ന യുവാവിനെ എരുമപ്പെട്ടി പോലീസ് അറസ്റ്റ് ചെയ്തു. ചൂണ്ടൽ പുതുശ്ശേരി കളരിക്കൽ വീട്ടിൽ സജിൽ(24)ആണ് പോലീസ് പിടിയിലായത്. നിയന്ത്രണമില്ലാത്ത തരത്തിൽ കാർ ഓടിച്ച് പോകുന്നതായി നാട്ടുകാർ വിവരം നൽകിയതിനെ തുടർന്നാണ് പോലീസ് കാർ പിന്തുടർന്ന് പിടികൂടിയത്.


**COURT NOTICE**

**BEFORE THE HON'BLE ARBITRATION TRIBUNAL**
**SRI O. V. RAJEEV ADVOCATE, ORAYAMPURATH HOUSE,**
**AYYANTHOLE SOUTH, NEAR NEW COURT COMPLEX**
**THRISSUR - 680003**
**ACP No. 42/2026**

Maben Nidhi Ltd.No:IV/709 B, First Floor, JP Mart,Near High School Junction, Valapad (P.O), Thrissur, Pin: 680567
:Petitioner

Mrs. Shameena K, D/o Ummar, Aged 37, Konikkal (H), Doddappankulam, SulthanBathery P.O, Wayanad District, Kerala PIN 673592
: Respondent

The above numbered case is posted to**18-09-2026** for hearing and appearance of the Respondents.If the respondents have any objection in the matter can appear before the Hon'ble Arbitrator at 2 P.M on the same day. Otherwise the Arbitrator will pass an exparte award.

For petitioner, Legal Officer

**COURT NOTICE**

**BEFORE THE HON'BLE ARBITRATION TRIBUNAL**
**SRI O. V. RAJEEV ADVOCATE, ORAYAMPURATH HOUSE,**
**AYYANTHOLE SOUTH, NEAR NEW COURT COMPLEX**
**THRISSUR - 680003**
**ACP No. 41/2026**

Maben Nidhi Ltd.No:IV/709 B, First Floor, JP Mart,Near High School Junction, Valapad (P.O), Thrissur, Pin: 680567
:Petitioner

Mrs. Shameena K, D/o Ummar, Aged 37, Konikkal (H), Doddappankulam, SulthanBathery P.O, Wayanad District, Kerala PIN 673592
: Respondent

The above numbered case is posted to**18-09-2026** for hearing and appearance of the Respondents.If the respondents have any objection in the matter can appear before the Hon'ble Arbitrator at 2 P.M on the same day. Otherwise the Arbitrator will pass an exparte award.

For petitioner, Legal Officer

**COURT NOTICE**

**BEFORE THE HON'BLE ARBITRATION TRIBUNAL**
**SRI O. V. RAJEEV ADVOCATE, ORAYAMPURATH HOUSE,**
**AYYANTHOLE SOUTH, NEAR NEW COURT COMPLEX**
**THRISSUR - 680003**
**ACP No. 43/2026**

Maben Nidhi Ltd.No:IV/709 B, First Floor, JP Mart,Near High School Junction, Valapad (P.O), Thrissur, Pin: 680567
:Petitioner

Mrs. Shameena K, D/o Ummar, Aged 37, Konikkal (H), Doddappankulam, SulthanBathery P.O, Wayanad District, Kerala PIN 673592
: Respondent

The above numbered case is posted to**18-09-2026** for hearing and appearance of the Respondents.If the respondents have any objection in the matter can appear before the Hon'ble Arbitrator at 2 P.M on the same day. Otherwise the Arbitrator will pass an exparte award.

For petitioner, Legal Officer

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4



# സിപിഐ നേതൃത്വത്തിൽ ഇലക്ട്രിസിറ്റി ഓഫീസ് മാർച്ച് നടത്തി




ഇരിങ്ങാലക്കുട :കേരളത്തെ ഇരുട്ടിലാഴ്ത്തിയ യുഡിഎഫ് സർക്കാരിന്റെ ജനവിരുദ്ധ വൈദ്യുതി നയത്തിനെതിരെ സിപിഐ സംസ്ഥാന കൗൺസിൽ ആഹ്വാനപ്രകാരം സംസ്ഥാനത്തെ മുഴുവൻ വൈദ്യുതി ഓഫീസുകളിലേക്കും മാർച്ച് നടത്തുന്നതിന്റെ ഭാഗമായി ഇരിങ്ങാലക്കുട മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ വൈദ്യുതി ഭവന് മുന്നിലേക്ക് മാർച്ച് നടത്തി സിപിഐ ജില്ലാ എക്സിക്യൂട്ടീവ് അംഗം പി മണി ഉത്ഘാടനം ചെയ്തു,മണ്ഡലം സെക്രട്ടറി എൻ കെ.ഉദയപ്രകാശ് അദ്ധ്യക്ഷത വഹിച്ചു

കെ എസ് പ്രസാദ്, എം ബി.ലത്തീഫ്,അൽഫോൻസാ തോമസ്,പി ആർ.സുന്ദരൻ,ടി സി.അർജ്ജുനൻ,ജോജോ തട്ടിൽ,മുരളി മണക്കാട്ട് പടി,എം.സുധീർദാസ്,സി.സുരേഷ് എന്നിവർ സംസാരിച്ചു.

## ടെണ്ടറുകൾ ക്ഷണിച്ചു

തൃശൂർ:വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള മാള ശിശു വികസന പദ്ധതി ഓഫീസ് പരിധിയിലെ ആളൂർ ഗ്രാമപഞ്ചായത്തിലെ 41 അങ്കണവാടികളിലെ പ്രീസ്കൂൾ കുട്ടികൾക്ക് പാൽ, കോഴിമുട്ട എന്നിവ വിതരണം ചെയ്യുന്നതിനായി അംഗീകൃത ഏജൻസികളിൽ നിന്നും വ്യക്തികളിൽ നിന്നും ടെണ്ടറുകൾ ക്ഷണിച്ചു. ഒക്ടോബർ ഒന്ന് മുതൽ 2027 മാർച്ച് 31 വരെയുള്ള കാലയളവിൽ ആഴ്ചയിൽ മൂന്ന് ദിവസങ്ങളിലാണ് വിതരണം നടത്തേണ്ടത്.

പാൽ വിതരണത്തിന് അംഗീകൃത മിൽമ ഏജന്റുകൾക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും അപേക്ഷിക്കാം. കോഴിമുട്ട വിതരണത്തിന് താത്പര്യമുള്ള ഏജൻസികൾക്കും സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പങ്കെടുക്കാം. പൂരിപ്പിച്ച ടെണ്ടർ ഫോമുകൾ സെപ്റ്റംബർ 28-ന് ഉച്ചയ്ക്ക് 1.30-നകം ആളൂർ ഗ്രാമപഞ്ചായത്ത് സൂപ്പർവൈസർക്ക് സമർപ്പിക്കണം. ഫോൺ: 9400739203.

# കാർഷിക യന്ത്രങ്ങൾക്ക് 50% വരെ സബ്സിഡി: 'സ്മാം' പദ്ധതി രണ്ടാം ഘട്ട അപേക്ഷ 22 മുതൽ ഒക്ടോ.15 വരെ

തൃശൂർ: സംസ്ഥാനത്ത് കാർഷിക മേഖലയിലെ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ പദ്ധതിയുടെ 2026-27 സാമ്പത്തിക വർഷത്തേക്കുള്ള രണ്ടാം ഘട്ട ഓൺലൈൻ അപേക്ഷകൾ സെപ്റ്റംബർ 22-ന് രാവിലെ പത്ത് മുതൽ സ്വീകരിക്കും.

പദ്ധതിയിലൂടെ കാർഷിക യന്ത്രങ്ങൾ, വിളവെടുപ്പ് യന്ത്രങ്ങൾ, വിള സംസ്കരണ ഉപകരണങ്ങൾ, മൂല്യവർധിത ഉത്പന്ന നിർമ്മാണ യന്ത്രങ്ങൾ എന്നിവ സബ്സിഡി നിരക്കിൽ ലഭിക്കും. വ്യക്തിഗത കർഷകർക്ക് 40 മുതൽ 50 ശതമാനം വരെയാണ് സബ്സിഡി അനുവദിക്കുന്നത്.

താത്പര്യമുള്ള കർഷകർക്ക് http://agrimachinery.nic.in/index എന്ന വെബ്സൈറ്റ് വഴി ഒക്ടോബർ 15 വരെ അപേക്ഷ സമർപ്പിക്കാം. ഈ വർഷം മുതൽ 'ആദ്യം അപേക്ഷിക്കുന്നവർക്ക് ആദ്യം' എന്ന രീതി ഉണ്ടായിരിക്കില്ല. അനുവദിച്ച യന്ത്രങ്ങളുടെ എണ്ണത്തേക്കാൾ കൂടുതൽ അപേക്ഷകൾ ലഭിക്കുന്ന കാറ്റഗറികളിൽ യോഗ്യരായ എല്ലാ അപേക്ഷകരെയും ഉൾപ്പെടുത്തി പോർട്ടൽ വഴി സുതാര്യമായ ഓൺലൈൻ നറുക്കെടുപ്പിലൂടെയാകും തിരഞ്ഞെടുപ്പ്. ഒക്ടോബർ 16-ന് നറുക്കെടുപ്പ് നടത്തും.

കൂടുതൽ വിവരങ്ങൾക്കും സഹായങ്ങൾക്കുമായി തൃശ്ശൂർ ചെമ്പൂക്കാവിലുള്ള കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസുമായോ തൊട്ടടുത്തുള്ള കൃഷിഭവനുമായോ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടുക. ഫോൺ നമ്പറുകൾ: 7736920699, 7907004779, 0487-2325208, 9383471423, 9383471425, 9383471422.

## അക്കാദമിക മികവിന് ആദരവുമായി സെന്റ് ജോസഫ്സ് കോളേജിൽ ബോട്ടണി വിഭാഗം മെറിറ്റ് ഡേ സംഘടിപ്പിച്ചു



ഇരിങ്ങാലക്കുട: സെന്റ് ജോസഫ്സ് കോളേജ് ഇരിങ്ങാലക്കുടയിലെ റിസർച്ച് ഡിപ്പാർട്ട്മെന്റ് ഓഫ് ബോട്ടണിയുടെ നേതൃത്വത്തിൽ മെറിറ്റ് ഡേ 2026 സംഘടിപ്പിച്ചു. അക്കാദമിക മികവ് കൈവരിച്ച വിദ്യാർഥികളെ ആദരിക്കുന്നതിനൊപ്പം പുതിയ അക്കാദമിക തുടക്കങ്ങൾക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.

ബോട്ടണി വിഭാഗം അധ്യാപിക ഡോ. ബിന്ദു ടി. വി. സ്വാഗതമാശംസിച്ച പരിപാടിയിൽ സെൽഫ് ഫിനാൻസിങ് കോർഡിനേറ്റർ ഡോ. സിസ്റ്റർ റോസ് ബാസ്റ്റിൻ അധ്യക്ഷത നിർവഹിച്ചു. കോളേജിലെ റിസർച്ച് സെമിനാർ ഹാളിൽ നടന്ന പരിപാടി ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളേജ്, പ്രിൻസിപ്പൽ ഡോ. അഞ്ജു കെ. പി. ഉദ്ഘാടനം ചെയ്തു. അക്കാദമിക രംഗത്ത് മികച്ച നേട്ടം കൈവരിച്ച വിദ്യാർഥികൾക്ക് മുൻ അധ്യാപകർ ഡോ. എജി ടി. പോൾ, ഡോ. മീന തോമസ് എന്നിവർ പ്രൊഫിഷ്യൻസി അവാർഡുകളും എൻഡോവ്മെന്റുകളും വിതരണം ചെയ്തു. ബോട്ടണി വിഭാഗം അധ്യാപിക ഡോ. രശ്മി കെ. എസ്. നന്ദിപ്രകാശനം നടത്തി. 'വേരുകളിൽ നിന്ന് ഔഷധത്തിലേക്ക്' എന്ന വിഷയത്തിൽ ഡോ. അഞ്ജു കെ. പി. നേതൃത്വം നൽകിയ സെഷൻ ശ്രദ്ധേയമായി.




ഐമാക്സ് ഇന്ത്യ വൈസ് പ്രസിഡന്റ് പ്രീതം ഡാനിയൽ, തിയേറ്റർ വേൾഡ് എഡിറ്ററും പബ്ലിഷറുമായ രാഘവേന്ദ്ര ടി. എന്നിവർ ചേർന്ന് മികച്ച സിനിമാ തിയേറ്ററിനുള്ള പുരസ്കാരം പലാക്സി സിനിമാസിന്റെ പ്രതിനിധികളായ ജനറൽ മാനേജർ ഷിഹാബ് എം., എഫ് ആൻഡ് ബി ഓപ്പറേഷൻസ് മാനേജർ ആൻജോ ജോസ്, ഡെപ്യൂട്ടി മാനേജർ ഹുബൈൽ കെ.പി. എന്നിവർക്ക് സമ്മാനിക്കുന്നു.

# പലാക്സി സിനിമാസിന് തുടർച്ചയായി രണ്ടാം വർഷവും "ബെസ്റ്റ് സിനിമാ തിയേറ്റർ" പുരസ്കാരം

തൃശ്ശൂർ, 15- 09- 2026: ഹൈലൈറ്റ് ഗ്രൂപ്പിന്റെ പ്രീമിയം മൾട്ടിപ്ലക്സ് ബ്രാൻഡായ പലാക്സി സിനിമാസിന് തുടർച്ചയായ രണ്ടാം വർഷവും ദേശീയതല അംഗീകാരം. സിനിമ എക്സിബിഷൻ രംഗത്തെ പ്രമുഖ പുരസ്കാരമായ ഐമാക്സ് ബിഗ് സിനി അവാർഡ്സ് 2026ൽ "ബെസ്റ്റ് സിനിമ തിയറ്റർ ടയർ 2 സിറ്റി" പുരസ്കാരമാണ് പലാക്സി സിനിമാസ് രണ്ടാം തവണയും സ്വന്തമാക്കിയത്. 2030-ഓടെ 250 സ്ക്രീനുകൾ നിർമ്മിക്കുവാൻ ലക്ഷ്യമിടുന്ന ഹൈലൈറ്റ് ഗ്രൂപ്പിന്റെ 'മിഷൻ 250' വഴി കേരളത്തിലെ വളർന്നുവരുന്ന ടയർ 2, 3 നഗരങ്ങളിലേക്കും പ്രീമിയം സിനിമാ തിയേറ്റർ അനുഭവം പലാക്സി സിനിമാസ് വ്യാപിപ്പിക്കും.

സ്ക്രീനുകളുടെ എണ്ണം കൂട്ടുക എന്നതിലുപരി, ആധുനിക പ്രൊജക്ഷൻ-സൗണ്ട് സാങ്കേതികവിദ്യ, ലോകോത്തര നിലവാരത്തിലുള്ള ആംബിയൻസ്, സീറ്റിംഗ്, ഫുഡ് & ബെവറേജ് സേവനങ്ങൾ എന്നിവയോടെ പ്രീമിയം തിയേറ്ററുകൾ യാഥാർത്ഥ്യമാക്കുക എന്നതാണ് 'മിഷൻ 250' വഴി ലക്ഷ്യമിടുന്നത്.

തുടർച്ചയായി രണ്ടാം വർഷവും ബിഗ് സിനി അവാർഡ് നേടാനായത് പലാക്സിക്ക് ഏറെ അഭിമാനകരമായ നേട്ടമാണെന്നും കേരളത്തിലെ ചെറുനഗരങ്ങളിലേക്കും മികച്ച സിനിമാ അനുഭവം എത്തിക്കുക എന്നതാണ് 'മിഷൻ 250' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്നും ഹൈലൈറ്റ് മാൾസ് & റീട്ടെയ്ൽ സിഇഒ മുഹമ്മദ് ഫവാസ് പറഞ്ഞു.

2025-ൽ പലാക്സി സിനിമാസ് കോഴിക്കോടിന് ലഭിച്ച പുരസ്കാരം, ഇക്കൊല്ലം പലാക്സി സിനിമാസ് തൃശൂരിനെയാണ് തേടിയെത്തിയത്. മികച്ച സാങ്കേതികവിദ്യ, അന്താരാഷ്ട്ര നിലവാരത്തിലുള്ള സിനിമാ തിയേറ്റർ അനുഭവം, മികച്ച ഹോസ്പിറ്റാലിറ്റി, കസ്റ്റമർ സർവീസ് എന്നിവ മുൻനിർത്തിയാണ് അംഗീകാരം നൽകുന്നത്. ചെന്നൈ ട്രേഡ് സെന്ററിൽ നടന്ന ഒൻപതാമത് ബിഗ് സിനി എക്സ്പോ 2026 വേദിയിലായിരുന്നു പുരസ്കാര പ്രഖ്യാപനം. ഏഷ്യയിലെ ഏറ്റവും വലിയ സിനിമാ വ്യവസായ സംഗമങ്ങളിലൊന്നായ ബിഗ് സിനി എക്സ്പോയിൽ മൾട്ടിപ്ലക്സ്, തിയേറ്റർ, മാളുകൾ, വിതരണ മേഖല തുടങ്ങിയവയിലെ പ്രമുഖർ പങ്കെടുത്തു.

## പ്രതി അറസ്റ്റിൽ

ഗുരുവായൂർ: ഗുരുവായൂർ ക്ഷേത്രത്തിലെ സെക്യൂരിറ്റി ജീവനക്കാരനെ കുത്തി പരിക്കേൽപ്പിച്ചയാൾ അറസ്റ്റിൽ. പാലക്കാട് അകത്തേത്തറ സ്വദേശി വിശ്വനാഥനാണ് അറസ്റ്റിലായത്. പ്രസാദ ഊട്ട് ലഭിക്കാത്തതിനെ തുടർന്നുണ്ടായ തർക്കത്തിലാണ് സെക്യൂരിറ്റി ജീവനക്കാരൻ ഉദയകുമാറിന് കുത്തേറ്റത്.

### കടം വാങ്ങിയ പണത്തെ സംബന്ധിച്ച തർക്കം:

# അതിഥിതൊഴിലാളി കൊല്ലപ്പെട്ട കേസിൽ സുഹൃത്തിന് ജീവപര്യന്തം കഠിനതടവും 27000 രൂപ പിഴയും ശിക്ഷ

തൃശൂർ: കടമായി നൽകിയ പണത്തെ സംബന്ധിച്ച് തിഥി തൊഴിലാളികൾ തമ്മിലുള്ള തർക്കത്തെത്തുടർന്ന് അതിഥി തൊഴിലാളിയായ നദീം എന്ന യുവാവിനെ കൊത്തുളി കൊണ്ട് കുത്തി കൊലപ്പെടുത്തിയ കേസിൽ പ്രതിയായ ഉത്തരപ്രദേശിലെ ശരൺപൂർ ജില്ലയിലെ ഷാനവാസ് എന്ന മാവോ ഷാനവാസ് 40 വയസ് എന്നവരെ വിവിധവകുപ്പുകളിലായി ജീവപര്യന്തം കഠിനതടവിനും 27000 രൂപ പിഴയടക്കുന്നതിനും തൃശ്ശൂർ നാലാം അഡീഷണൽ ജില്ലാ സെഷൻസ് ജഡ്ജി സൈമ പി. എസ്. ശിക്ഷ വിധിച്ചു. പിഴയടക്കാത്ത പക്ഷം 6 മാസം അധികത്തടവ് അനുഭവിക്കേണ്ടി വരും.

2009 ജൂൺ 14 ന് വൈകീട്ട് 3.30ന് ആളൂർ കൊമ്പൊടിഞ്ഞാമാക്കലിൽ ഷൗക്കിൻ എന്നവർ വാടകക്ക് താമസിച്ചിരുന്ന വീട്ടിലാണ് കേസിനാസ്പദമായ സംഭവം നടന്നത്. പ്രതിയായ ഷാനവാസും, കൊല്ലപ്പെട്ട നദീമും, ഷൗക്കിൻ എന്നവരും പ്രസ്തുത സ്ഥലത്തെ ഒരു ഫർണീച്ചർ കമ്പനിയിലെ തൊഴിലാളികളായിരുന്നു. കടം വാങ്ങിയ പണം തിരിച്ചു തരണമെന്ന് ആവശ്യപ്പെട്ട ഷാനവാസ് ഷൗക്കിനുമായി വാക്കുതർക്കം നടന്നിരുന്നു. ഷൗക്കിൻ താമസിച്ചിരുന്ന വീട്ടിൽ വാടകക്ക് താമസിക്കുകയായിരുന്നു കൊല്ലപ്പെട്ട നദീം. സംഭവദിവസം ഷൗക്കിനും, ഷാനവാസും തമ്മിൽ വാക്കുതർക്കത്തിനിടയിൽ മരത്തടി കൊണ്ട് ഷൗക്കിനെ അടിക്കുകയായിരുന്നു. തുടർന്ന് കൊത്തുളി ഉപയോഗിച്ച് ഷൗക്കിനെ കുത്താൻ ശ്രമിക്കുന്നതിനിടയിൽ തടയാൻ ശ്രമിച്ച നദീമിന്റെ നെഞ്ചിൽ ഹൃദയഭാഗത്ത് കുത്തേൽക്കുകയായിരുന്നു. അടിയേറ്റ ഷൗക്കിനെയും, ഗുരുതരമായി പരിക്കേറ്റ നദീമിനെയും ആസ്പത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും, ചികിൽസക്കിടയിൽ മരണപ്പെട്ടുപോവുകയായിരുന്നു. തുടർന്ന് സബ് ഇൻസ്പെക്ടർ കെ.എം. വാസുദേവൻ കേസ് രജിസ്റ്റർ ചെയ്യുകയും, തുടർന്ന് പ്രതിയെ പിടികൂടി അറസ്റ്റു ചെയ്യുകയുമായിരുന്നു. സർക്കിൾ ഇൻസ്പെക്ടറായ സി.ആർ. സന്തോഷാണ് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചത്.

കേസിൽ പ്രോസിക്യൂഷൻ ഭാഗത്തു നിന്നും 21 സാക്ഷികളെ വിസ്തരിക്കുകയും, 21 രേഖകളും 6 മുതലുകളും ഹാജരാക്കുകയും ചെയ്തിരുന്നു. പ്രോസിക്യൂഷനു വേണ്ടി ഹാജരായ അഡീഷണൽ പബ്ലിക്ക് പ്രോസിക്യൂട്ടർ സോളി ജോസഫ് സാഹചര്യത്തെളിവുകൾ കോർത്തിണക്കിക്കൊണ്ട് നടത്തിയ വാദത്തിനൊടുവിൽ ഷാനവാസാണ് കൊലപാതകം നടത്തിയെന്ന് സംശയാതീതമായി തെളിയിക്കുകയായിരുന്നു. കേസിൽ പ്രോസിക്യൂട്ടറെ സഹായിക്കുന്നതിന് അഭിഭാഷകരായ അഡ്വ.ഹണി ചരുവിൽ, അഡ്വ.അലൻ റിച്ചാർഡ്, അഡ്വ.നിശാന്ത് ജി എന്നിവരും ഹാജരായിരുന്നു.

## വാഹനം ആവശ്യമുണ്ട്

തൃശൂർ: പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റ് പി.എം.ജി. എസ്.വൈ - തൃശ്ശൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ ആവശ്യത്തിനായി മാസവാടക അടിസ്ഥാനത്തിൽ വാഹനം ലഭ്യമാക്കുന്നതിന് മത്സരാധിഷ്ഠിത സീൽ ചെയ്ത ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സെ. 22 ന് ഉച്ചയ്ക്ക് രണ്ടുവരെ സ്വീകരിക്കും.

വിശദ വിവരങ്ങൾക്കായി പ്രവൃത്തി ദിവസങ്ങളിൽ പുല്ലഴിയിൽ പ്രവർത്തിക്കുന്ന പ്രോഗ്രാം ഇംപ്ലിമെന്റ്ഷൻ യൂണിറ്റ് പി.എം.ജി.എസ്.വൈ - തൃശ്ശൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നേരിട്ടോ piutsr@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്. ഫോൺ: 04872360423.

# ബിജെപി ജനദ്രോഹ പവർ കട്ടിനെതിരെ ചൂട്ട് കത്തിച്ച് സമരം




കാറളം: ബിജെപി പഞ്ചായത്ത് കമ്മറ്റിയുടെ നേതൃത്വത്തിൽ വെള്ളാനി പവർ സ്റ്റേഷനു മുൻപിൽ നടന്ന ചൂട്ട് കത്തിച്ച് പ്രതിഷേധം ജില്ല ജനറൽ സെക്രട്ടറി കൃപേഷ് ചെമ്മണ്ട ഉത്ഘാടനം ചെയ്തു.പ്രസിഡണ്ട് പ്രിയ അനിൽ അദ്ധ്യക്ഷത വഹിച്ചു.

മണ്ഡലം വൈസ് പ്രസിഡണ്ടുമാരായ പ്രസിഡണ്ട് രാമചന്ദ്രൻ കോവിൽപറമ്പിൽ, അജയൻ തറയിൽ, സെക്രട്ടറി സരിത വിനോദ്, കർഷക മോർച്ച ജില്ല വൈ പ്രസിഡണ്ട് സോമൻ, മണ്ഡലം പ്രസിഡണ്ട് രാജൻ കുഴുപ്പുള്ളി, പഞ്ചായത്ത് ജന സെക്രട്ടറി സുഭാഷ് പുല്ലത്തറ,വാർഡ് മെംബർ അഞ്ചു, ജോയ്സൻ എന്നിവർ പ്രസംഗിച്ചു.

## കെ.ജെ. മേജോ SEDSK സ്റ്റേറ്റ് ഗവേണിംഗ് കൗൺസിൽ മെമ്പർ



തൃശ്ശൂർ: കെ.ജെ. മേജോയെ സ്കൂൾ എഡ്യുക്കേഷൻ ഡവലപ്പ്മെന്റ് സൊസൈറ്റി ഓഫ് കേരള (SEDSK) സ്റ്റേറ്റ് ഗവേണിംഗ് കൗൺസിൽ മെമ്പറായി നിയമിച്ചു. കേരള സർക്കാരിന്റെ പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രി സ്കൂൾ മുതൽ ഹയർ സെക്കന്ററി വരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിനായുള്ള സംയോജിത പദ്ധതിയുടെ സംസ്ഥാനതല നിർവഹണ ഏജൻസിയായ സമഗ്ര ശിക്ഷാ കേരളയുടെ പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായുള്ള 29 അംഗ സ്റ്റേറ്റ് ഗവേണിംഗ് കൗൺസിലിൽ മൂന്ന് അധ്യാപക പ്രതിനിധികളെയാണ് നിയമിച്ചിരിക്കുന്നത്.

പിജെ ജോസഫ് ചെയർമാനായ കേരള കോൺഗ്രസ് പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി അംഗവും കേരള കോൺഗ്രസ് അധ്യാപക സംഘടനയായ കെ.എസ്.ടി.എഫിന്റെ സംസ്ഥാന വൈസ് പ്രസിഡന്റുമാണ്. തൃശ്ശൂർ ജില്ലയിലെ പാവറട്ടിപുതുമനശ്ശേരി പി.എം. ലോവർ പ്രൈമറി സ്കൂളിലെ പ്രധാന അധ്യാപകനുമാണ്. സമഗ്ര ശിക്ഷാ കേരളം പരിശീലകനായും, ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം തൃശ്ശൂർ ജില്ലാ സമിതി അംഗം, മുല്ലശ്ശേരി ഉപജില്ല വികസന സമിതി ഉപാദ്ധ്യക്ഷൻ,സംസ്ഥാന സ്കൂൾ കലോത്സവം,ശാസ്ത്ര മേള,സതേൺ ഇന്ത്യ സയൻസ് ഫയർ, ജില്ലാ കലോത്സവം തുടങ്ങി നിരവധി സംസ്ഥാന-ജില്ലാ മേളകളുടെ സംഘാടകനായും പ്രവർത്തിച്ചിട്ടുണ്ട്.തൃശ്ശൂർ ജില്ലയിലെ പാവറട്ടി സ്വദേശിയാണ്

## ചാലക്കുടി ഗവ. ഐ.ടി.ഐയിൽ മരങ്ങളും ശിഖരങ്ങളും ലേലം

ചാലക്കുടി ഗവ. ഐ.ടി.ഐ ക്വാർട്ടേഴ്സ് കോമ്പൗണ്ടിൽ നിൽക്കുന്ന ബദാം, പ്ലാവ് എന്നീ മരങ്ങൾ മുറിച്ചു മാറ്റുന്നതിനും പ്ലാവ്, ബദാം, നാരകം, അത്തി, നെല്ലി എന്നിവയുടെ ശിഖരങ്ങൾ മുറിക്കുന്നതിനുമുള്ള അവകാശം പരസ്യമായി ലേലം ചെയ്യുന്നു. സെപ്റ്റംബർ 19-ന് വൈകീട്ട് മൂന്നിന് ഐ.ടി.ഐ ഓഫീസിലാണ് ലേലം നടത്തുക. ഫോൺ- 0480 2701491.

## നിര്യാതയായി

### സുനിത



കൊടുങ്ങല്ലൂർ: ലോകമലേശ്വരം ഉഴുവത്ത്കടവ് ശ്രീമയ്യൂരേശ്വരപുരം ക്ഷേത്രത്തിന് സമീപം താമസിക്കുന്ന തൈപുരക്കൽ ഹർഷൻ ഭാര്യ സുനിത (67) നിര്യാതയായി. സംസ്കാരം 18-ാം തിയ്യതി വ്യാഴം രാവിലെ 10 മണിക്ക് സ്വവസതിയിൽ നടക്കും. മക്കൾ:. ഹനീഷ്, സനീഷ്. മരുമകൾ: പ്രബിത.

## പാർസൽ ലോറി വൈദ്യുതി പോസ്റ്റ് ഇടിച്ചു തകർത്തു

തൃശ്ശൂർ: മണ്ണുത്തി മുക്കാട്ടുകര റോഡിൽ സ്നേഹ പാലത്തിന് സമീപം നിയന്ത്രണം വിട്ട പാർസൽ ലോറി വൈദ്യുതി പോസ്റ്റ് ഇടിച്ചു തകർത്തു. ഡ്രൈവർ ഉറങ്ങിപ്പോയതാണ് അപകടകാരണമെന്ന് പറയുന്നു. സമീപത്ത് നിർത്തിയിട്ടിരുന്ന കാറിനു മുകളിലേയ്ക്കാണ് പോസ്റ്റ് ഒടിഞ്ഞു വീണത്. അപകടത്തിൽ ആർക്കും പരിക്കില്ല.

# മെഴുകുതിരി കത്തിച്ച് പ്രതിഷേധിച്ചു




കരുവന്നൂർ: കേരള സർക്കാരിന്റെ അപ്രഖ്യാപിക പവർ കട്ടിനെതിരെ കരുവന്നൂർ കെ.എസ്.ഇ.ബി,ക്ക് മുൻപിൽ, ബിജെപി പൊറത്തിശ്ശേരി ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ മെഴുകുതിരി കത്തിച്ച് പ്രതിഷേധിച്ചു. ഏരിയ പ്രസിഡണ്ട് സൂരജ് കടുങ്ങാടൻ അദ്ധ്യക്ഷത വഹിച്ച പ്രതിഷേധപരിപാടി ഇരിങ്ങാലക്കുട മണ്ഡലം ജനറൽ സെക്രട്ടറി വി.സി.രമേഷ് ഉദ്ഘാടനം ചെയ്തു.

ഏരിയ ജനറൽ സെക്രട്ടറി സൂരജ് നമ്പ്യാങ്കാവ് സ്വാഗതവും, വൈസ്പ്രസിഡണ്ട് സന്തോഷ് കാര്യാടൻ നന്ദിയും പറഞ്ഞു. മണ്ഡലം സെക്രട്ടറി മായ അജയൻ, വാർഡ് കൗൺസിലർ വിജയകുമാരി അനിലൻ, മോർച്ച ജില്ല ഭാരവാഹികളായ സിന്ധു സതീഷ്, ലാംബി റാഫേൽ, ഏരിയ ഭാരവാഹികളായ സന്തോഷ് കോഞ്ചാത്ത്, രമിത്ത് മാരാത്ത്, ചിത്ര ബിനിൽ എന്നിവർ നേതൃത്വം നൽകി.

# എൽപിജി ഓപ്പൺ ഫോറം നടത്തി

തൃശൂർ: ജില്ലാ പൊതുവിതരണ ഉപഭോക്തൃകാര്യവകുപ്പിന്റെ നേതൃത്വത്തിൽ തൃശ്ശൂർ ജില്ലയിലെ എൽപിജി ഓപ്പൺ ഫോറം നടത്തി. തൃശ്ശൂർ കളക്ട്രേറ്റ് അനക്സ് കോൺഫറൻസ് ഹാളിൽ നടത്തിയ ഓപ്പൺ ഫോറത്തിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എം. സന്ദീപ് അധ്യക്ഷത വഹിച്ചു.

ഓപ്പൺ ഫോറത്തിൽ ഗ്യാസ് കണക്ഷൻ, വിതരണം, ബുക്കിംഗ്, ലീക്കേജ്, പാചകവാതക സംബന്ധമായ മറ്റ് വിഷയങ്ങൾ എന്നിവ ചർച്ച ചെയ്തു. എൽപിജി വിതരണം പരാതിരഹിതമായും, കാര്യക്ഷമമായും നടത്തുന്നതിന് ഗ്യാസ് ഏജൻസികൾ ശ്രദ്ധിക്കണമെന്നും, ഇത് ഓയിൽ കമ്പനി സെയിൽസ് മാനേജർമാർ ഉറപ്പുവരുത്തണമെന്നും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് നിർദ്ദേശം നൽകി.

ഓപ്പൺ ഫോറത്തിന് ജില്ലാ സപ്ലൈ ഓഫീസർ ടി.ജെ ആശ സ്വാഗതവും തൃശ്ശൂർ താലൂക്ക് സപ്ലൈ ഓഫീസർ ടി. മണികുമാർ നന്ദിയും രേഖപ്പെടുത്തി. ജില്ലയിലെ ഔദ്യോഗിക ഉപഭോക്തൃ സംഘടനാ പ്രതിനിധികൾ, ഓയിൽ കമ്പനികളുടെ പ്രതിനിധികൾ, ഗ്യാസ് ഏജൻസി പ്രതിനിധികൾ, സിവിൽസപ്ലൈസ് ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## കോടതി പരസ്യം

**ബഹു: ഇരിങ്ങാലക്കുട MACT മുമ്പാകെ**

O.P(M.V) : 1447/202

ഇബ്രാഹിം ടി എ etc

ഹർജിക്കാർ

1) Elladuraiyan V., S/o. Vadivel, 34/VOC , 4th Street, Chinnamaur, 7373773797, Uthamapalayam T.K., Theni Dt. 625516

2) Ratheesh @ Ranjith @ Jyothish @ KTP, S/o. Late Ravi Manappully House, Anchamparathy, S.N. Puram Village, Santhipuram P.O.

3, 4 എതിർകക്ഷികൾ

മേൽ നമ്പറിൽ 3, 4 എതിർകക്ഷികൾക്കുള്ള നോട്ടീസ് പതിച്ചുനടത്തുവാൻ അനുവദിച്ച് മേൽ നമ്പർ കേസ് 17-10-2026 തിയ്യതിക്ക് വച്ചിരിക്കുന്നു. ടി കാര്യത്തിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം പകൽ 11 മണിക്ക് ബഹു. കോടതിയിൽ ഹാജരായി ആക്ഷേപം ബോധിപ്പിക്കാത്തപക്ഷം നിങ്ങളെ എക്സ് പാർട്ടിയാക്കി ഉത്തരവാകുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന് 15-9-2026

ഹരജി ഭാഗം അഡ്വക്കെറ്റ്

**ജീജോ വർഗ്ഗീസ്** (ഒപ്പ്)

## COURT NOTICE

**BEFORE THE HONOURABLE MACT COURT THRISSUR**

**OP (MV): 2242/2020**

Latha Sidhartha

-Petitioner

K.S. Dominic, S/o. Sebastian, Koyikkara House, Kannamkulangara, Koorkkernchery P.O., Thrissur Dist.

-Respondent No.1

The afforesaid Respondent take notice, the above petition is posted for appearance on **15-10-2026** at 11.00 am before this Tribunal, you are here by orderd to appear either in person or through pleader or someone authorised by law to appear on behalf of you, to answer the said petition and to submit objections if any, failing which the said petition will be heared and decided ex-parte.

Date: 10/09/2026

Advocate for Petitioner

**N.B. Sukumaran**

(Sd/-)

## COURT NOTICE

**BEFORE THE HONOURABLE MACT COURT THRISSUR**

**OP (MV): 2243/2020**

Suresh Babu

-Petitioner

K.S. Dominic, S/o. Sebastian, Koyikkara House, Kannamkulangara, Koorkkernchery P.O., Thrissur Dist.

-Respondent No.1

The afforesaid Respondent take notice, the above petition is posted for appearance on **15-10-2026** at 11.00 am before this Tribunal, you are here by orderd to appear either in person or through pleader or someone authorised by law to appear on behalf of you, to answer the said petition and to submit objections if any, failing which the said petition will be heared and decided ex-parte.

Date: 10/09/2026

Advocate for Petitioner

**N.B. Sukumaran**

(Sd/-)

## കോടതി പരസ്യം

**ബഹു. തൃശ്ശൂർ ജില്ലാ കോടതി മുമ്പാകെ**

AS : 29/2024

കെ ജി ഗീത മുതൽപേർ

-അപ്പീൽ ഹരജിക്കാർ

രേണു D/o. ഗോപാലൻ, കൊരാട്ടിൽ ഹൗസ്, കഴിമ്പ്രം ദേശം, വലപ്പാട് വില്ലേജ്, ചാവക്കാട് താലൂക്ക്

-2-ാം അപ്പീൽ എതൃകക്ഷി

മേൽ നമ്പറിൽ 2-ാം അപ്പിൽഎതൃകക്ഷിക്കുള്ള സമൻ സ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്താൻ അനുവദിച്ച് മേൽ നമ്പർ കേസ് 31-10-2026 തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. മേൽ കാര്യത്തിൽ ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ നേരിട്ടോ അഡ്വക്കെറ്റ് മുഖാന്തിരമോ ഹാജരായി ബോധിപ്പിക്കാവുന്നതാണ്

എന്ന്, 15-09-2026

അപ്പീൽ ഹരജിഭാഗം അഡ്വക്കെറ്റ്

**പ്രതീഷ് പി വർഗ്ഗീസ്** (ഒപ്പ്)

## കോടതി പരസ്യം

**ബഹു. തൃശൂർ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ മുമ്പാകെ**

OP(MV): 659/2026

റെജി സുനിൽകുമാർ 26 വയസ്, W/o. സുനിൽകുമാർ, വെണ്ണാറത്തിൽ ഹൗസ്, പി ഒ കുറ്റൂർ, തൃശൂർ മുതൽപേർ

-ഹരജിക്കാർ

1) ലളിത 54 വയസ്, W/o. പ്രസന്നൻ, കുണ്ടുവാറവളപ്പിൽ ഹൗസ്, പി ഒ. കണിമംഗലം, തൃശൂർ

2) രഞ്ജിത് പി ആർ, 34 വയസ് S/o. രാധാകൃഷ്ണൻ, പാണ്ടിയത്ത് ഹൗസ്, നെല്ലിക്കാട് പി ഒ. രാമവർമ്മപുരം, തൃശൂർ

-3, 4 എതൃകക്ഷികൾ

മേൽ നമ്പ്ര് കേസിൽ 3, 4 എതൃകക്ഷികൾക്കുള്ള നോട്ടീസ് പതിച്ചുനടത്തുവാൻ കൽപ്പിച്ച് മേൽ നമ്പർ കേസ് **09-10-2026** തിയ്യതിക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 14-9-2026

ഹരജിഭാഗം അഡ്വക്കെറ്റ്

**കെ ജയചന്ദ്രൻ** (ഒപ്പ്)

## കോടതി പരസ്യം

**ബഹു. തൃശൂർ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ മുമ്പാകെ**

OP(MV): 21/2020

കബീർ വി എസ് etc

-Petitioners

4. Shemeer V.S., 37 years, S/o. Late Sidhi @ Siddiq, Vakepadath House, Karikkad P.O., Thrissur-680519

5. Mujeeb, S/o. Late Sidhi @ Siddiq, 33 years, Vakepadath House, Karikkad P.O., Thrissur-680519

-4, 5 Respondents

മേൽ നമ്പ്ര് കേസിൽ 4, 5 എതൃകക്ഷികൾക്കുള്ള നോട്ടീസ്പതിച്ചുനടത്തുവാൻ കൽപ്പിച്ച് മേൽ നമ്പർ കേസ് **22-9-2026** തിയ്യതിക്ക് വെച്ചരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 14-9-2026

ഹരജിഭാഗം അഡ്വക്കെറ്റ്സ്

**പി ഡി ജോസ് & പി എസ് ഷോണിത്ത്**

(ഒപ്പ്)

## കോടതി പരസ്യം

**ബഹു. തൃശൂർ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ മുമ്പാകെ**

OP(MV): 1780/2022

Tottekattu Viswanathan

-Petitioner

Ajmal Sadik M Y, 11/15 Manningayil House, Pavittapuram, P.O Othalur, Malappuram -679591 Halur, Kokkur, Kerala

-3rd Respondent

മേൽ നമ്പ്ര് കേസിൽ മൂന്നാം എതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ചുനടത്തുവാൻ കൽപ്പിച്ച് മേൽ നമ്പർ കേസ് **14-10-2026** തിയ്യതിക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയി ച്ചു കൊള്ളുന്നു.

എന്ന്, 14-9-2026

ഹരജിഭാഗം അഡ്വക്കെറ്റ്സ്

**പി ഡി ജോസ് & പി എസ് ഷോണിത്ത്**

(ഒപ്പ്)

## കോടതി പരസ്യം

**ബഹു. തൃശൂർ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ മുമ്പാകെ**

OP(MV): 1781/2022

Divya etc

-Petitioners

Ajmal Sadik M Y, 11/15 Manningayil House, Pavittapuram, P.O Othalur, Malappuram -679591 Halur, Kokkur, Kerala

-3rd Respondent

മേൽ നമ്പ്ര് കേസിൽ മൂന്നാം എതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ചുനടത്തുവാൻ കൽപ്പിച്ച് മേൽ നമ്പർ കേസ്**14-10-2026** തിയ്യതിക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 14-9-2026

ഹരജിഭാഗം അഡ്വക്കെറ്റ്സ്

**പി ഡി ജോസ് & പി എസ് ഷോണിത്ത്**

(ഒപ്പ്)